പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4116 16.05.2017-ലെ മറുപടിക്ക്

**കൊല്ലം ജില്ലയിലെ ലോ-ഫ്‌ളോർ ബസ് റൂട്ടുകൾ**

ചോദ്യം

ശ്രീ.എം. മുകേഷ്

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിൽ ഇപ്പോൾ എത്ര എ.സി/നോൺ എ.സി ലോ-ഫ്‌ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;വിശദാംശം ലഭ്യമാക്കാമോ; | (എ) | കൊല്ലം ജില്ലയിൽ 12 എ.സി ലോ-ഫ്ലോർ ഷെഡ്യൂളുകളും 24 നോൺ എ.സി ലോ-ഫ്ലോർ ഷെഡ്യൂളുകളുമാണുള്ളത്. ഇതിനായി 13 എ.സി ലോ-ഫ്ലോർ ബസുകളും 30 നോൺ എ.സി ലോ-ഫ്ലോർ ബസുകളും സർവീസ് നടത്തുന്നതിനായി അനുവദിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ കൊല്ലം ഡിപ്പോയിൽ നിന്നു മാത്രമേ എ.സി ലോ-ഫ്ലോർ ബസ് സർവീസ് നടത്തുന്നുള്ളൂ. ഡിപ്പോ തിരിച്ചുള്ള ഷെഡ്യൂളുകളുടെയും ബസുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു. |
| (ബി) | ഈ ബസ്സുകൾക്ക് റൂട്ടുകൾ അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; | (ബി) | NATPAC തയ്യാറാക്കിയതും ഭാരത സർക്കാറിന്റെ നഗരവികസന മന്ത്രാലയം അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് ബസുകൾ അനുവദിക്കുന്നത്. |

| ഡിപ്പോ | ഷെഡ്യൂൾ | ബസുകൾ |
|---|---|---|
| ആര്യങ്കാവ് | 1 | 1 |
| ചടയമംഗലം | 4 | 5 |
| ചാത്തന്നൂർ | 3 | 4 |
| കുളത്തൂപ്പുഴ | 1 | 1 |
| കൊട്ടാരക്കര | 4 | 4 |
| പുനലൂർ | 3 | 4 |
| പത്തനാപുരം | 3 | 3 |
| കരുനാഗപ്പള്ളി | 3 | 5 |
| കൊല്ലം | 2 | 3 |
| കൊല്ലം | 12 (A/c) | 13 |
| **ആകെ** | **36** | **43** |

| | | | |
|---|---|---|---|
| (സി) | ഒന്നിൽ കൂടുതൽ ക്ലസ്റ്ററുകൾ മാറി ലോ- ഫ്ലോർ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടോ; എങ്കിൽ വെളി പ്പെടുത്താമോ; | (സി) | ഉണ്ട്.<br>കോഴിക്കോട്-പാലക്കാട്,<br>കോഴിക്കോട്-നെടുമ്പാശ്ശേരി,<br>മലപ്പുറം - നെടുമ്പാശ്ശേരി,<br>കല്പറ്റ-ഗുരുവായൂർ<br>കോട്ടയം-തിരുവനന്തപുരം,<br>കോട്ടയം -എറണാകുളം,<br>കോഴിക്കോട്-തൃശ്ശൂർ<br>പത്തനംതിട്ട-തിരുവനന്തപുരം,<br>ആലപ്പുഴ-തിരുവനതപുരം,<br>ആലപ്പുഴ-ഗുരുവായൂർ,<br>ആലപ്പുഴ-നിലമ്പൂർ,<br>ആലപ്പുഴ-മൂന്നാർ,<br>തൃശ്ശൂർ-എറണാകുളം,<br>എറണാകുളം-പാലക്കാട്,<br>കൊല്ലം-ഗുരുവായൂർ,<br>കൊല്ലം –തിരുവനന്തപുരം.<br>കൊല്ലം-പത്തനംതിട്ട<br>തൊടുപുഴ-തൃശ്ശൂർ<br>തൊടുപുഴ- തിരുവനന്തപുരം<br>തുടങ്ങിയ റൂട്ടുകളിൽ ജൻറം ബസുകൾ സർവീസ് നടത്തുന്നുണ്ട്. |
| (ഡി) | ലോ-ഫ്ളോർ ബസ്സുകളുടെ റൂട്ടുകൾ നിർണ്ണയിക്കുമ്പോൾ നിയോജക മണ്ഡലങ്ങളിലെ പ്രധാന സ്ഥല ങ്ങൾ പരിഗണിക്കണമെന്നുള്ള എം.എൽ.എമാരുടെ ആവശ്യ ങ്ങൾ കൂടി പരിഗണിച്ച് റൂട്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | NATPAC തയ്യാറാക്കിയതും ഭാരത സർക്കാ റിന്റെ നഗരവികസന മന്ത്രാലയം അംഗീകരി ച്ചതുമായ Detailed Project Report പ്രകാരമാണ് ബസുകൾ അനുവദിക്കുന്നത്.<br>എം.എൽ.എ.മാരുടെ ആവശ്യങ്ങൾകൂടി പരിഗണിച്ച് റൂട്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ